# പരവൂരിലെ പ്രതിഭാധനന്മാർ

മഹാപ്രതിഭകളെ സൃഷ്ടിക്കുന്നതിൽ തങ്ങൾ ജീവിച്ചിരുന്ന കാലയളവിലെ സാംസ്കാരികവും കലാപരവും സാമൂഹികവുമായ സവിശേഷതകളോടൊപ്പം പാരമ്പര്യമായി ലഭ്യമാകുന്ന സർഗ്ഗസിദ്ധിയും കാരണമാവാറുണ്ട്. പരവൂരിന്റെ പ്രകൃതി രമണീയതയും കലാ-സാംസ്കാരിക പാരമ്പര്യവും പരവൂരിലെ പ്രതിഭാധനന്മാരുടെ സർഗ്ഗസിദ്ധി പുഷ്ക്കലമാകുന്നതിന് കാരണമായേക്കാം.

'സമുദ്രതീര ഗ്രാമമായ പരവൂർ കായലുകളാൽ ചുറ്റപ്പെട്ട ഒരു മനോഹര പ്രദേശമാണ്. തെക്കും വടക്കും ഉള്ള കായലുകളെ ബന്ധിപ്പിക്കുന്ന തോടും കായലുകളെ കടലുമായി ബന്ധിപ്പിക്കുന്ന രണ്ട് പൊഴികളും പരവൂരിന്റെ പ്രത്യേകതകളാണ്. റെയിൽപ്പാത രണ്ട് കായലുകളിലുള്ള പാലങ്ങളാൽ ബന്ധിപ്പിക്കപ്പെട്ട് പരവൂരിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്നു. ഇത്തിക്കരയാർ പരവൂർ കായലിൽ പതിക്കുന്നു. ചിറകളും ഏലകളും തോടുകളും അങ്ങിങ്ങ് ഉയർന്നു നിൽക്കുന്ന ചെറിയ കുന്നുകളും ഇളം കാറ്റിൽ ആടിത്തിമിർക്കുന്ന സമൃദ്ധമായ തെങ്ങോലകളും പരവൂരിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു.

'അഭിമാനകരമായ ഒരു കലാ-സാംസ്കാരിക-സാഹിത്യ-വിദ്യാഭ്യാസ പാരമ്പര്യം പരവൂരിനുണ്ട്. സാഹിത്യം, ജ്യോതിഷം, വൈദ്യം, സംഗീതം, നൃത്തം, കഥാപ്രസംഗം, പത്രപ്രവർത്തനം തുടങ്ങിയ വിവിധ മേഖലകളിൽ പല പ്രഗത്ഭമതികളെയും സംഭാവന ചെയ്ത നാടാണ് പരവൂർ' അക്കൂട്ടത്തിൽ അദ്വിതീയരായിരുന്നു പരവൂർ വി കേശവനാശാൻ, മഹാകവി കെ സി കേശവപിള്ള, പരവൂർ ജി ദേവരാജൻ മാസ്റ്റർ എന്നിവർ.